LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) മാതൃകാപദ്ധതിയായി നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച ദേശീയപാത 66 (പഴയ നമ്പർ 47)-ൽ ആറ്റിങ്ങൽ പട്ടണത്തിലെ മുന്നമുക്കു മുതൽ പൂവമ്പാറ വരെയുള്ള 3 കി.മീ. ദൂരം വരുന്ന ഭാഗം 20 മീറ്റർ വീതിയിൽ വികസിപ്പിക്കുന്ന പദ്ധതിക്കുവേണ്ടി 22.75 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ.

ആറ്റിങ്ങൽ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

311(1345) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നിർമ്മാണം നടത്തിവരുന്ന കിളിമാനൂർ-ഉണ്ടിൽ-ഞാവേലിക്കോണം-തോപ്പിൽ-പോങ്ങനാട്, പാട്ടക്കൈത-കാട്ടുചന്ത എന്നീ റോഡുകളുടെ നവീകരണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത റോഡ് പണി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 2015 ജൂൺ മാസത്തിൽതന്നെ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഭരണാനുമതി

312 (1346) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡ്സ് & ബ്രിഡ്ജസ്, ബിൽഡിംഗ്സ് എന്നിവയുടെ പ്രവൃത്തികൾക്കായി എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവ ഓരോന്നും ഇനം, നിയോജകമണ്ഡലം, തുക, റോഡുകൾ തിരിച്ച് വിശദമാക്കുമോ ;

(ബി) റോഡ്സ്&ബ്രിഡ്ജസ്, ബിൽഡിംഗ്സ് എന്നിവയ്ക്ക് പുതിയ ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

വെണ്ണിക്കുളം-റാന്നി റോഡ് വികസനം

313 (1347) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെണ്ണിക്കുളം-റാന്നിറോഡ് ബി.എം&ബി.സി. നിലവാരത്തിൽ വികസിപ്പിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ തുക ഉപയോഗിച്ച് എത്ര കിലോമീറ്റർ റോഡ് വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് ;

(സി) ഇതിന്റെ നിർമ്മാണം ടെൻഡർ ചെയ്തിരുന്നോ : എത്ര തവണ ടെൻഡർ ചെയ്തു ; ഏതൊക്കെ തീയതികളിൽ ; എത്ര പേർ ടെൻഡറിൽ ഓരോ തവണയും പങ്കെടുത്തു ; ആർക്കാണ് ഈ പ്രവൃത്തി ലഭിച്ചിട്ടുള്ളത് ;

(ഡി) റോഡ് വികസനത്തിന് ഫണ്ട് ലഭ്യമാക്കിയിട്ടും ഇതുവരെ ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ; ഇനിയും എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തികരിച്ചാലാണ് നിർമ്മാണം ആരംഭിക്കാൻ കഴിയുക ;

(ഇ) റോഡ് നിർമ്മാണത്തിന് ഫണ്ടനുവദിച്ചതിനാൽ കഴിഞ്ഞ രണ്ട് വർഷമായി ഈ റോഡിൽ അറ്റകുറ്റപ്പണിപോലും നടത്താത്തതുമൂലം റോഡ്മുഴുവൻ കാൽനടയാത്രപോലും അസാധ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇത് പരിഹരിക്കുന്നതിനായി ഒന്നുകിൽ റോഡിൽ അടിയന്തര അറ്റകുറ്റപ്പണിയോ അല്ലെങ്കിൽ ബി.എം&ബി.സി. നിലവാരത്തിലുള്ള റോഡ് വികസനമോ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വെണ്ണിക്കുളം-റാന്നി റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ വികസിപ്പിക്കുന്നതിന് 265 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 0/000 മുതൽ 5/000 കി.മീ. (5 കി.മീ)

LIBRARY ARCHIVES Kerala Legislative Assembly